KERALA INFRASTRUCTURE AND
TECHNOLOGY FOR EDUCATION

# സ്പന്ദനം

## കെ.കെ.കെ. വി.എം.എച്ച്.എസ്.എസ്



# LITTLE KITES 2018-19

EDITORIAL BOARD

CHIEF EDITOR : B SUBASH

STUDENT EDITOR : VARSHA VIJAYAN

EDITORS : SIVANI V S

ABHIRANJ M R

SACHIN NARAYAN P S

DESIGNING : P ANIRUDH NAIR



ലിറ്റിൽ കൈറ്റ്സ് 2018-19 പ്രവർത്തന റിപ്പോർട്ട്

മാറുന്ന കാലത്തിന് ഒരു ചുവട് മുന്നോട്ട് എന്ന ആശയവുമായി3 പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ്.കെ.കെ.കെ.വി.എം.എച്ച്.എസ്സ്.എസ്സ്-ലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് 2018 മാർച്ചിൽ പ്രവർത്തനമാരംഭിച്ചു. 37 കുട്ടികളാണ് ക്ലബ്ബിൽ അംഗങ്ങളായത്. ജൂൺ മാസം മുതൽ ക്ലാസുകൾ ആരംഭിച്ചു. കമ്പ്യൂട്ടർ സാങ്കേതിക വിദ്യയിൽ കുട്ടികളെ മികവുറ്റതാക്കുക എന്നതാണ് ലിറ്റിൽ കൈറ്റ്സിൻെറ പ്രവർത്തന ലക്ഷ്യം. ശ്രീമതി ശാലിനി എസ്സ്, ശ്രീമതി ഗോപിക ഗോപാലകൃഷ്ണൻ എന്നീ അധ്യാപികമാരാണ് ക്ലബ്ബിൻെറ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. കൈറ്റ്സിലെ അംഗങ്ങളായ കുട്ടികളുടെ രക്ഷകർത്താക്കൾക്കുള്ള ബോധവൽക്കരണ ക്ലാസ്,ചിത്രരചനാമത്സരം,തുടങ്ങിയവ കൈറ്റ്സിൻെറ നേതൃത്വത്തിൽ നടത്തി.ഏകദിന ക്യാമ്പ്, സബ് ജില്ലാ ക്യാമ്പ്,വാർത്താനിർമ്മാണ ക്യമ്പ് തുടങ്ങിയവയിൽ കുട്ടികൾ പങ്കെടുത്തു. വൈവിധ്യമാർന്നതും മികവുറ്റതുമായ പരിപാടികളോടെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിൻെറ പ്രയാണം തുടരുന്നു.

# ഭാഷ

അമ്മതൻ മലയാളം
ഭൂമിതൻ മലയാളം
അമ്മതൻ ഭാഷ പകർന്നു നൽകിയ
മലയാളമാണെന്റെ ഭാഷ
ഇലകളിൽ നിന്നിറ്റുന്ന നീർത്തുള്ളി
പോലൊരു ചൈതന്യമാണെന്റെ ഭാഷ
സുഹൃത് ബന്ധംപോലെ കൂടെക്കളിക്കുന്ന
നൈർമല്യമായെന്റെ മലയാളം
തേൻ മലയാളം
മാവിൻ കൊമ്പിലെ മണമുള്ള
പൂവിനുള്ളിലൊളിച്ചതീ ചൈതന്യം
എന്റെ  മലയാളം
എൻ സ്നേഹ മലയാളം.
മാതൃദേവോ ഭവ :

പവിത്ര.ആർ
VIII A

## BEAUTIFUL THOUGHTS

1. Being deeply loved by some one gives you strength , loving someone deeply gives you courage

   മറ്റൊരാളാൽ ആഴത്തിൽ സ്നേഹിക്കപ്പെടുന്നത് നിങ്ങളെ ശക്തിപ്പെടുത്തുന്നു. ഒരാളെ ആഴത്തിൽ സ്നേഹിക്കുന്നത് നിങ്ങളെ ധൈര്യപ്പെടുത്തുന്നു.

2. You don't know who's going to touch you to life, to get awaken ..... no body is irrelevant love all.

   നിങ്ങൾക്കറിയില്ല ആരാവും നിങ്ങളെ ജീവിതത്തിലേക്ക് സ്പർശിക്കുകയെന്നത്, തൊട്ടുണർത്തുന്നതെന്ന് ആരും അപ്രധാനികളല്ല..... എല്ലാവരേയും സ്നേഹിക്കുക.

3. Take risk in your life. If you win , you can lead if you lose , you can guide.

   ജീവിതത്തിൽ സന്ദിഗ്ധതകൾ ഏറ്റെടുക്കുക. വിജയിച്ചാൽ നിങ്ങൾക്ക് നയിക്കാം. അല്ലെങ്കിലോ നിങ്ങൾക്ക് വഴികാട്ടാം.

അഭിരഞ്ജ് എം ആർ
9A

## വസുധൈവ കുടുംബകം

"എനിക്കുണ്ടൊരു ലോകം
നിനക്കുണ്ടൊരു ലോകം
നമുക്കില്ലൊരു ലോകം"

മലയാളത്തിന്റെ പ്രിയകവി കുഞ്ഞുണ്ണിമാഷിന്റേതാണ് ഈ വരികൾ.കുടുംബ ബന്ധങ്ങളുടേയും മനുഷ്യ ബന്ധങ്ങളുടെയും വൈകാരിക തീവ്രത കുറഞ്ഞു വരുന്ന ഇക്കാലത്ത് കവിയുടെ ഈ വരികൾക്ക് പ്രസക്തി വർധിക്കുന്നു. അടിസ്ഥാന പരമായി

ലോകത്തെവിടെയും ജീവിക്കുന്ന മനുഷ്യൻ ഒന്നാണെന്നാണ് ഭാരതീയ ദർശനങ്ങൾ കാണിച്ചു തന്നത്.എല്ലാ വിധത്തിലുമുള്ള ജാതി മത വർഗ രാഷ്ട്ര വ്യത്യാസങ്ങൾക്കപ്പുറം കടക്കാൻ കഴിയുമ്പോഴാണ് ഓരോ വ്യക്തിയും "വിശ്വമാനവൻ” എന്ന അവസ്ഥയിലെത്തുന്നത്.സ്നേഹത്തിലും സഹകരണത്തിലും അധിഷ്ഠിതമായ ഒരു പുതിയ ലോകത്തിലേക്കുള്ള ചുവടു വെയ്പ്പായി കുടുംബം എന്ന അടിത്തറ മാറട്ടെ.ലോകത്തിന്റെ ഒരു കൊച്ചു പതിപ്പാണ് കുടുംബം.മനുഷ്യൻ ആദ്യമായി ബന്ധങ്ങൾ അറിയുകയും സ്ഥാപിക്കുകയും ചെയ്യുന്നത് കുടുംബത്തിലാണ്.ഒരു നല്ല സമാഹത്തിലേക്കുള്ള ആദ്യത്തെ ചവിട്ടുപടിയായി നമുക്ക് ഓരോ കുടുംബങ്ങളേയും വാർത്തെടുക്കാം.

വർഷ വിജയൻ

IX C

## Cloud computing

Cloud computing is a distributed computing technology.It uses computing resources that reside on a remote machine and are delivered to the end user as a service over a network.It uses internet and central remote server to maintain data and application. Eg:Email

Cloud computing resources are grouped in to 3:

1.Saas(software as a service)

It gives access to both resources and application.Google Docs,facebook are examples.

2.Paas(platform as a service)

It gives access to the components that we require to develop and operate application on Internet LAMP,Google's App engine are examples.

3.Iaas(Infrastructure as a service)

It provides basic storage and computing capabilities .Amazone web services is an example.

Nayana J Pillai

# എന്റെ നാട്



എന്നുമെൻ ജാലകവാതിലിലൂടെ
ഞാനെന്നുമെൻ
ഗ്രാമഭംഗിയാസ്വദിപ്പൂ
പുലർകാല മഞ്ഞിൻ കുളിരിൽ
കുളിയ്ക്കുന്ന
മധുര മനോജ്ഞമാം അന്തരീക്ഷം
ദൈവം നമുക്ക് നൽകിയതെത്ര
മനോജ്ഞമാം പുണ്യഭൂമി.
ജാതിയും മതവും വർഗവും കലർത്തി
മർത്യനീ ഭൂമിയേ വിഷലിപ്തമാക്കി
ഒന്നായി നിന്നു സ്നേഹിച്ചു പോകേണ്ടവർ
തമ്മിൽത്തല്ലി നശിച്ചിടുന്നു.
എന്നു തീരുമീ കേരള നാടിൻ
ശാപമെന്നോർത്തു ഞാൻ കേണിടുന്നു.
ഉണരുക ഉണരുക മാനവഹൃദയമേ
ത്യജിക്കുക ത്യജിക്കുക നിന്നിലെ തിന്മയെ


മേഘാ ജയരാജ്
IX B

# പഴഞ്ചൊല്ലുകൾ

1.അങ്ങാടിയിൽ തോറ്റതിന് അമ്മയോട്.
മറ്റുള്ളവരോടുള്ള ദേഷ്യം സ്വന്തക്കാരോട്

2.അടി തെറ്റിയാൽ ആനയും വീഴും
എത്ര വലിയവനും ചുവടുതെറ്റിയാൽ വീഴും

3.അധികമായാൽ അമൃതും വിഷം
നല്ല സാധനമായാലും കൂടിയാൽ ചീത്തയാകും

4.അഴകുള്ള ചക്കയിൽ ചുളയില്ല
പുറം മോടിയിൽ കാര്യമില്ല

5.അപ്പം തിന്നാൽ മതി കുഴി എണ്ണണ്ട
കാര്യം സാധിച്ചാൽ പിന്നെ
എങ്ങനെയെന്ന് അറിയണ്ട

6.ആറിയ കഞ്ഞി പഴങ്കഞ്ഞി
പുതുമ പോയാൽ ഏതുകാര്യത്തിൻെറയും
താല്പര്യം നഷ്ടമാകും

7.ഇരയിട്ട് മീൻ പിടിക്കുക
കുറച്ചു ചെലവാക്കി വലിയ ലാഭം നേടുക

8.ഉണ്ട ചോറിൽ കല്ലിടരുത്
ഉപകാരം ചെയ്യുന്നവരോട് ഉപദ്രവം
കാട്ടരുത്.

നിധി 6 B

# സത്യസന്ധനായ ബാലൻ

ഒരിടത്ത് ഒരു അമ്മയും മകനും ഉണ്ടായിരുന്നു. മകൻെറ പേര് അച്ചു എന്നായിരുന്നു.

അച്ചുവും അമ്മയും വളരെ പാവപ്പെട്ടവരായിരുന്നു.അച്ചു വളർന്ന് സ്കൂളിൽ പോകാറായപ്പോൾ

അമ്മ അവനെ തൻെറ ഗ്രാമത്തിൽ സ്കൂളില്ലാത്തതിനാൽ തൊട്ടടുത്ത പട്ടണത്തിൽ വിട്ട് പഠിപ്പിക്കാൻ തീരുമാനിച്ചു. അച്ചുവിൻെറ പഠന ആവശ്യത്തിനായി 50 രൂപ പോക്കറ്റിൽ വെച്ചു കൊടുത്തു.

അങ്ങനെ അമ്മയോട് യാത്ര പറഞ്ഞ് അച്ചു സ്കൂളിലേക്ക് യാത്ര തിരിച്ചു. സ്കൂളിലേക്കുള്ള വഴി കാട്ടുനിറഞ്ഞ പാതയിലൂടെയാണ് അച്ചുവിൻെറ കൂടെ മറ്റു പട്ടണങ്ങളിലേക്ക് പോകാനുള്ള കച്ചവടക്കാരുമുണ്ടായിരുന്നു.വഴി മദ്ധ്യേ കൊള്ളക്കാർ വന്ന് പണം ആവശ്യപ്പെട്ടു. എല്ലാ കച്ചവടക്കാരും പണം കൈയ്യിലില്ലെന്ന് ആദ്യം പറഞ്ഞെങ്കിലും കൊള്ളക്കാർ ഉപദ്രവിച്ച പ്പോൾ എല്ലാവരും പണം കൊടുത്തു.

അങ്ങനെ കൊള്ളക്കാർ അച്ചുവിൻെറ അരികിലെത്തി. അമ്മ തന്ന 50 രൂപ നീട്ടിക്കൊണ്ട് അച്ചു പറഞ്ഞു "എൻെറ അമ്മ പഠനാവശ്യങ്ങൾക്കായി തന്ന പണമാണിത് ഇത് എടുത്തോളൂ". ഇത്രയും മുതിർന്ന ആളുകൾ പണമില്ലെന്ന് കള്ളം പറഞ്ഞപ്പോഴും വളരെ ചെറിയ കുട്ടിയായ അച്ചുവിൻെറ സത്യസന്ധതയ്ക്കു മുന്നിൽ കൊള്ളക്കാർക്ക് തല കുനിക്കേണ്ടിവന്നു.കൊള്ളക്കാർ എല്ലാവരുടേയും പണം തിരികെനൽകി പശ്ചാതപിച്ചുകൊണ്ട് തിരിച്ചുപോയി.കൂടെയുള്ള കച്ചവടക്കാർ അച്ചുവിൻെറ സത്യസന്ധതയെ അഭിനന്ദിച്ചു.

പി.അനിരുദ്ധ് നായർ

8 b

## പ്രളയം

കേരളത്തെ ഒന്നടങ്കം ഭീതിയിലാഴ്ത്തിയതാണ് ഈ കഴിഞ്ഞുപോയ പ്രളയം. ഒട്ടനവധി മനുഷ്യർ മരിക്കുകയുംമരങ്ങളും ചെടികളും എല്ലാം നശിക്കുകയും ചെയ്തു. ഈപ്രളയത്തിന് നമ്മൾ വലിയ വില കൊടുക്കേണ്ടി വന്നു. ഇതൊരിക്കലും ആവർത്തിക്കാതിരിക്കാൻ നമ്മൾ ശ്രമിക്കണം. അതിനുവേണ്ടി പ്രകൃതിയേ സംരക്ഷിക്കുകയും ജലസ്രോതസ്സുകൾ മലിനമാക്കാതിരിക്കാൻ ശ്രദ്ധചെലുത്തുകയും വേണം. വലിയ വലിയ ഫാക്ടറികളിൽ നിന്ന് വരുന്ന പുകപടലങ്ങൾ വായുമലിനീകരണം ഉണ്ടാക്കുന്നു. ഇതൊക്കെ നമ്മൾ ഒഴിവാക്കുക. ഇങ്ങനെ ചെയ്യുന്നതിലൂടെ ഒരു പുതിയ കേരളം നമ്മൾ കെട്ടിപ്പെടുക്കുന്നു. "പ്രകൃതിയെസംരക്ഷിക്കു ജീവൻ രക്ഷിക്കു" ഇതായിരിക്കട്ടെ ഇന്നത്തെകേരളത്തിന്റെ മുദ്രാവാക്യം....



***P ANIRUDH  NAIR    8***

# മധുരസ്മരണ

കാറ്റിൻചിറകിൽ ഒളിച്ചു കളിച്ചൊരു
ശലഭമാണെന്റെ ബാല്യകാലം
മധുരമായ് പാടുന്ന കുയിലിനേയും
കുഞ്ഞു പൂമ്പാറ്റയേയും തിരഞ്ഞന്നു നാം.
വാനിന്റെ കണ്ണിൽപ്പെടാതന്ന് സൂക്ഷിച്ച
പുസ്തകത്താളിലെ പീലിപോലെ
തേൻ നുകരുന്ന മധുപനെപ്പോലെ
പാറിക്കളിച്ചുരസിച്ചതന്നു നാം.
മഴയുടെ താളത്തിനൊത്തു കളിച്ച
മധുരമായ് നിൽക്കുന്ന ബാല്യകാലം
ഏറെപ്പിണങ്ങിയും പിന്നെ ഇണങ്ങിയും
പോയിമറഞ്ഞൊരാ നല്ലകാലം.


 പിന്നീടൊരിക്കലും കിട്ടാത്ത

മധുര സൗഭാഗ്യമാണെന്റെ ബാല്യകാലം.

നന്ദന സത്യൻ

IX B

MAHATMA GANDHI



Mahatma Gandhi was born on 2nd October 1869 at in Gujarat. He studied law at Johannesburg in south

Africa.
There he fought for the right of the blacks. He returned to India
in 1917. He then, became the leader of the freedom struggle of
our country. Non-violence was his weapon in the struggle.

SHIVANI V S
9 D

## കടങ്കഥകൾ

അകത്തു തിരി പുറത്തു മുട്ട
കുരുമുളക്

പെട്ടിക്കുള്ളിൽ ആയിരം തൊപ്പിക്കാർ
തീപ്പെട്ടി

ഓട്ടം കുതിര ചാട്ടം കുതിര വെള്ളം കണ്ടാൽ നിൽക്കും കുതിര
ചെരുപ്പ്

അക്കരെ നിൽക്കും തുഞ്ചാണി
ഇക്കരെ നിൽക്കും തുഞ്ചാണി
കൂട്ടി മുട്ടും തുഞ്ചാണി
കൺപീലി

കാലില്ലാത്തവൻ നീന്തി
വള്ളം

രണ്ടു പെണ്ണുങ്ങൾ സുന്ദരി പെണ്ണുങ്ങൾ ഇരുവരും ഒരുമിച്ചേ കരയൂ
കണ്ണ്

മീനാക്ഷി ബി
6B